(ii) രേഖാമൂലം നൽകുന്ന ചോദ്യോത്തരങ്ങൾ

കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ

*351 [370] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
ശ്രീ. എൻ. വാസുദേവൻ പിള്ള:
ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷനിലെയും അതിന്റെ അസോസിയേറ്റ് സബ്സിഡിയറി കമ്പനികളിലെയും നിയമനങ്ങളിൽ പി. എസ്. സി. ക്കു വിട്ടു കൊടുത്തിട്ടുള്ളത് ഏതൊക്കെയാണ്;

(ബി) ഏതെല്ലാം ജോലികൾക്കാണ് നേരിട്ടുള്ള നിയമനം നൽകുന്നത്;

(സി) എല്ലാ നിയമനവും പി. എസ്. സി. വഴി നടത്താത്തതു മൂലം നിയമനങ്ങളിൽ അഴിമതി നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷനിൽ താഴെ പറയുന്ന തസ്തികകളിലേക്കുള്ള നിയമനം പി. എസ്. സി. വഴിയാണ്.

1. സ്റ്റെനോഗ്രാഫർ
2. ടൈപ്പിസ്റ്റ്
3. അസിസ്റ്റന്റ്
4. ടെലക്സ് ഓപ്പറേറ്റർ
5. റിസപ്ഷനിസ്റ്റ്
6. ഡ്രൈവർ
7. വാച്ച്മാൻ
8. പ്യൂൺ
9. സ്വീപ്പർ
10. ഗാർഡനർ

(ബി) പി. എസ്. സി. യുടെ പരിധിയിൽ പെടാത്തതും, സർക്കാരിന്റെ അംഗീകാരം ആവശ്യമില്ലാത്തതുമായ നിയമനങ്ങൾ.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly